STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.15/PR/SPMC/PHQ/2024 Date:09.02.2024

# എസ്.പി.സി ക്വിസ്: മടവൂർ എൻ.എസ്.എസ് ഹയർസെക്കന്ററി സ്കൂളിന് ഒന്നാം സ്ഥാനം

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിന്റെ സംസ്ഥാനതല ക്വിസ് മത്സരത്തിൽ തിരുവനന്തപുരം റൂറൽ പോലീസ് ജില്ലയിലെ മടവൂർ എൻ.എസ്.എസ് ഹയർസെക്കന്ററി സ്കൂൾ ഒന്നാം സ്ഥാനം നേടി. അനന്യ പി.എസ്, ആദിദേവ് പി.എസ്, അപർണ്ണ ആർ.ബി എന്നിവരായിരുന്നു സംഘാംഗങ്ങൾ.

പത്തനംതിട്ട കലഞ്ഞൂർ ജി.എച്ച്.എസ്.എസ് ആന്റ് വി.എച്ച്.എസ്.എസിലെ നിരഞ്ജൻ.വി, അർജ്ജുൻ.എസ്, അനന്യ.എ എന്നിവരടങ്ങിയ ടീമാണ് രണ്ടാം സ്ഥാനം നേടിയത്. ശിവഹരി.വി, ശ്രീറാം ഹരികുമാർ, കാശിനാഥ് എസ് എന്നിവരടങ്ങിയ കൊല്ലം സിറ്റിയിലെ അയ്യൻകോയിക്കൽ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂൾ മൂന്നാം സ്ഥാനം നേടി.

തിരുവനന്തപുരം പേരൂർക്കട എസ്.എ.പി ക്യാമ്പിൽ നടന്ന ക്വിസ് മത്സരം ജി.എസ് പ്രദീപ് നയിച്ചു. വിജയികൾക്ക് യഥാക്രമം 25,000 രൂപയും 15,000 രൂപയും 10,000 രൂപയും എവർ റോളിങ് ട്രോഫിയും സർട്ടിഫിക്കറ്റുകളും ലഭിക്കും. ശനിയാഴ്ച തൈക്കാട് പോലീസ് ട്രെയിനിങ് കോളേജിൽ വച്ച് ഐ.എസ്.ആർ.ഒ ചെയർമാൻ എസ്.സോമനാഥ് വിജയികൾക്ക് സമ്മാനം നൽകും.

*************************